**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് എതിരെയുള്ള അക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളായ വ്യക്തികൾക്കുനേരെ നടന്ന എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം (20.05.2021 മുതൽ 30.06.2022 വരെ) ആദിവാസികളായ വ്യക്തികൾക്ക് നേരെ നടന്ന അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 167 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ആദിവാസികൾക്ക് എതിരെയുള്ള അക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല എന്ന വസ്തുത സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആദിവാസികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്നാണ് വിലയിരുത്തിയിരിക്കുന്നത്. |
| (സി) | ഇത്തരം പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി പ്രാദേശിക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | (സി) | ആദിവാസികൾക്കെതിരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശികമായി സബ് ഡിവിഷൻ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ജില്ലാതലത്തിൽ ഡി.സി.ആർ.ബി. ഡി.വൈ.എസ്.പി. മാരെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് എസ്.സി/എസ്.ടി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ടി കമ്മിറ്റികൾ സ്ഥിരമായി കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തി പരാതികളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ